©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# മേശപ്പുറത്തുവച്ച കടലാസുകൾ
# സംബന്ധിച്ച സമിതി
# (2021-2023)

**രണ്ടാമത് റിപ്പോർട്ട്**

(2022 മാർച്ച് മാസം 14 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ, എസ്.ആർ.ഒ./വിജ്ഞാപനങ്ങൾ എന്നിവ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ചത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2022

പതിനഞ്ചാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2021-2023)

## രണ്ടാമത് റിപ്പോർട്ട്

(2022 മാർച്ച് മാസം 14 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

(പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ,
എസ്.ആർ.ഒ./വിജ്ഞാപനങ്ങൾ എന്നിവ
സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിലെ
കാലതാമസം സംബന്ധിച്ചത്)

397/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 15 |
| അനുബന്ധം II | .. | 20 |

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2021-23)

**സമിതിയുടെ ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. പി. സി. വിഷ്ണുനാഥ്.

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. ഒ. ആർ. കേളു

ശ്രീ. മോൻസ് ജോസഫ്

ശ്രീ. എം. നൗഷാദ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. എം. വിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഗോഡ്ഫ്രി ഡി. ഡി., ജോയിന്റ് സെക്രട്ടറി

ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

# മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2021-2023)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2022 ഫെബ്രുവരി 21-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

പി. സി. വിഷ്ണുനാഥ്,
*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2022 മാർച്ച് 14.

# ആമുഖം

കേരള നിയസഭയുടെ ചട്ടം 166 പ്രകാരം സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ട രേഖകൾ നിശ്ചയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ തന്നെ സഭയിൽ സമർപ്പിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതിനായി ഒൻപതാം കേരള നിയമസഭയുടെ ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 1995 ഏപ്രിൽ 28-ാം തീയതി മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി രൂപീകൃതമായി. രേഖകൾ സമർപ്പിക്കുന്നതിൽ അസാധാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന് കാരണം വിശദീകരിക്കുന്നതിന്റെ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുണ്ടോ, കാരണങ്ങൾ ന്യായീകരിക്കത്തക്കതാണോ തുടങ്ങിയ കാര്യങ്ങൾ സമിതി പരിശോധിക്കുകയും ന്യായീകരിക്കാൻ കഴിയാത്തവയ്ക്ക് വിശദീകരണം ചോദിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ തെളിവെടുപ്പ് നടത്തുകയും ചെയ്തുവരുന്നു.

ഭരണഘടനാദത്തമായ നടപടിയുടെ ഭാഗമായി രേഖകൾ യഥാസമയം സഭയിൽ സമർപ്പിക്കണമെന്നുള്ള മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ചുള്ള സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ കാലാകാലങ്ങളിൽ ആവശ്യമായ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ചില ഭരണവകുപ്പുകൾ ആയത് പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി സമിതി കണ്ടെത്തിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ കണക്കുകളും റിപ്പോർട്ടുകളും സമയബന്ധിതമായി പൂർത്തീകരിച്ച് സമർപ്പിക്കാതെ വരുമ്പോൾ പ്രസ്തുത സ്ഥാപനത്തിൽ സർക്കാർ മുതൽമുടക്കിയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുവാനായോ എന്നും നിക്ഷേപങ്ങളും ചെലവുകളും ശരിയായി കണക്കിൽപ്പെടുത്തിയിരുന്നോ എന്നും വിലയിരുത്തുന്നതിന് കഴിയാതെ വരും. പൊതു ഖജനാവിൽ നിന്നുള്ള പണം ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോയെന്ന് സമൂഹത്തെ ബോധ്യപ്പെടുത്താൻ നിയമപരമായും ധാർമ്മികമായും ബാധ്യതയുള്ള സ്ഥാപനങ്ങൾ അവയുടെ വാർഷിക കണക്കുകൾ യഥാസമയം സഭയിൽ സമർപ്പിക്കാത്തത് ജനാധിപത്യ വ്യവസ്ഥിതിയിൽ അഭിലഷണീയമായ നടപടിയായി സമിതി വീക്ഷിക്കുന്നില്ല.

ഗവൺമെൻറ് പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക/ഭരണ/ഓഡിറ്റ്റിപ്പോർട്ടുകൾ തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ യഥാസമയം അറിയുവാൻ സഭയ്ക്ക് അവകാശമുണ്ട്. ഇത് സംബന്ധിച്ച രേഖകൾ യഥാസമയം മേശപ്പുറത്ത് വയ്ക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ടെങ്കിലും വകുപ്പുകൾ യഥാസമയം അവ നൽകാതിരിക്കുകയോ നൽകുന്നതിൽ വീഴ്ചവരുത്തുകയോ ചെയ്യാറുണ്ട്. സ്ഥാപനങ്ങളുടെ സർക്കാർ മുതൽമുടക്കിൻെറ കണക്കുകൾ സൂക്ഷിക്കലും വിനിയോഗവും സംസ്ഥാന നിയമസഭ നിരീക്ഷിക്കുന്നതിൻെറ ഭാഗമായിട്ടാണ് സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ്

റിപ്പോർട്ടുകളും അതത് സാമ്പത്തിക വർഷം അവസാനിച്ച് ഒൻപത് മാസത്തിനകവും റഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലോകൾ എന്നിവ പ്രസിദ്ധീകിച്ച് രണ്ടു മാസത്തിനകവും സഭയിൽ സമർപ്പിക്കണമെന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം166-ൽ നിഷ്കർഷിച്ചിട്ടുള്ളത്.

വാർഷിക റിപ്പോർട്ട് മാത്രം സമർപ്പിക്കേണ്ട സ്ഥാപനങ്ങൾ ആയത് സാമ്പത്തികവർഷം അവസാനിച്ച് 6 മാസത്തിനകം ലഭ്യമാക്കണം. കാലവിളംബം വരുത്തിയാൽ ബന്ധപ്പെട്ട വകുപ്പുമന്ത്രി സാക്ഷ്യപ്പെടുത്തിയ കാലതാമസപത്രിക സഹിതം ഒരു മാസത്തിനുള്ളിലോ അല്ലെങ്കിൽ തൊട്ടടുത്ത സഭാ സമ്മേളനത്തിലോ സഭയിൽ സമർപ്പിക്കണമെന്ന് ചട്ടം വ്യവസ്ഥ ചെയ്യുന്നു. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കടലാസുകൾ മേശപ്പുറത്തുവയ്ക്കാൻ ബാധ്യസ്ഥരായ ഭരണ വകുപ്പുകൾ അവ സമയബന്ധിതമായി ലഭ്യമാക്കാൻ ശുഷ്കാന്തി കാണിക്കേണ്ടതിൻെറ ആവശ്യകത സമിതി സഗൗരവം വീക്ഷിക്കുന്നു. സമിതിയുടെ ക്രിയാത്മകമായ ഇടപെടലുകളിലൂടെയും ജാഗരൂകമായ പ്രവർത്തനത്തിലൂടെയും വിവിധ സർക്കാർ വകുപ്പുകളിൽ വ്യക്തമായ സ്വാധീനം ചെലുത്തുന്നതിനും കുടിശ്ശികയായ ഒട്ടേറെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സ്ഥാപനങ്ങൾ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ പുരോഗതി വന്നിട്ടുണ്ടെങ്കിലും സമയബന്ധിതമായി സമർപ്പിക്കുന്നതിൽ ഇനിയും പൂർണ്ണത കൈവരിച്ചിട്ടില്ല.

റിപ്പോർട്ട് സമർപ്പിക്കുന്നതിൽ ഏറെ കുടിശ്ശികയുണ്ടായിരുന്ന വകുപ്പാണ് പൊതുമരാമത്ത് വകുപ്പ് എന്നത് ശ്രദ്ധയിൽപ്പെട്ട സമിതി, റിപ്പോർട്ട് സമർപ്പണത്തിലെ കുടിശ്ശിക തീർപ്പാക്കുന്നതിനും പ്രസ്തുത വിഷയത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തുന്നതിനും വേണ്ടി പൊതുമരാമത്ത് വകുപ്പിൻ കീഴിലുള്ള സ്ഥാപന മേധാവികളെയും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയെയും വിളിച്ചുവരുത്തി വിശദീകരണം ആരായുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 22-12-2021-ന് ഒരു തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിന് നൽകിയ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

# റിപ്പോർട്ട്

സംസ്ഥാനത്തെ മരാമത്ത് ജോലികൾ നിർവ്വഹിക്കുന്ന സുപ്രധാന വകുപ്പാണ് പൊതുമരാമത്ത്. സംസ്ഥാനത്തെ സാമ്പത്തിക വികസനത്തിന് പ്രേരകശക്തികളായി നിലകൊള്ളുന്ന റോഡുകളുടേയും പാലങ്ങളുടേയും വികസനം സാധ്യമാക്കുന്നതിലൂടെ സർക്കാരിനും ജനങ്ങൾക്കും നിസ്തുലമായ സേവനമാണ് പ്രസ്തുത വകുപ്പ് നിർവ്വഹിക്കുന്നത്. സംസ്ഥാനത്തെ പ്രധാനപ്പെട്ട റോഡുകളുടെ പുനർനിർമ്മാണവും ആധുനികവത്ക്കരണവും ഒഴിച്ചുകൂടാനാവാത്തതായി മാറിക്കഴിഞ്ഞിരിക്കുന്നു. ദേശീയതലത്തിൽ പ്രധാന നഗരങ്ങൾ സൂപ്പർ ഹൈവേ കോറിഡോറുകൾ മുഖാന്തരം ബന്ധിപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ, അതിന്റെ തുടർച്ചയായ സാമ്പത്തിക വളർച്ചയുടെ ഭാഗമാകുന്നതിന് കേരളത്തിന് സ്വന്തമായി നാഷണൽ ഹൈവേ-ലിങ്ക് റോഡുകൾ വികസിപ്പിക്കാനും പൊതുമരാമത്ത് വകുപ്പിന് കഴിഞ്ഞിട്ടുള്ളത് ഏറെ പ്രശംസനീയം തന്നെയാണ്. റോഡുകൾ വികസിക്കുന്നതിലൂടെ ഗ്രാമങ്ങളും ഗ്രാമങ്ങൾ വികസിക്കുന്നതിലൂടെ നഗരങ്ങളും നഗരങ്ങൾ വികസിക്കുമ്പോൾ സംസ്ഥാനവും സംസ്ഥാനങ്ങൾ വികസിക്കുന്നതിലൂടെ രാജ്യവും വികസിക്കുന്നു. ആയതിനാൽ നമ്മുടെ രാജ്യത്തിന്റെ വളർച്ചയ്ക്ക് സുപ്രധാന പങ്ക് പൊതുമരാമത്ത് വകുപ്പ് വഹിക്കുന്നുണ്ടെന്ന് നിസ്സംശയം പറയാം.

2. റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് (RICK LTD), കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL), ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്, പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്, കേരള റോഡ് ഫണ്ട് ബോർഡ്, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ കമ്പനീസ് ആക്ട് പ്രകാരം പൊതുമരാമത്ത് വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്നു. നിലവിൽ അഞ്ച് ചീഫ് എഞ്ചിനീയർമാരും 21 സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും 74 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും 311 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും 969 അസിസ്റ്റന്റ് എഞ്ചിനീയർമാരും മറ്റ് വിഭാഗം ജീവനക്കാരുമുള്ള ബൃഹത്തായ വകുപ്പിന് കീഴിലുള്ള റോഡുകളുടെ ആകെ നീളം 33593 കി.മീ ആണ്

3. സർക്കാരിൽ നിന്നും 50 ലക്ഷം രൂപയിലധികം ഗ്രാന്റ് കൈപ്പറ്റുന്ന പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പ്രസ്തുത സ്ഥാപനങ്ങൾ നിലവിലെ ചട്ടമനുസരിച്ച് അതത് സാമ്പത്തിക വർഷത്തെ വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ സാമ്പത്തിക വർഷം കഴിഞ്ഞ് വരുന്ന ഡിസംബർ 31-നകം നിയമസഭയിൽ സമർപ്പിക്കാൻ ബാധ്യസ്ഥമാണ്. എന്നാൽ പ്രതിവർഷ

വരവ്/ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിലും സഭയിൽ സമർപ്പിക്കുവാൻ സമയബന്ധിതമായി ലഭ്യമാക്കുന്നതിലും പൊതുമരാമത്ത് വകുപ്പ് നിതാന്ത ജാഗ്രത പുലർത്തിയിരുന്നില്ല എന്നത് വളരെ ഗൗരവമുള്ള വിഷയമാണ്. ഏറെ വർഷത്തെ കുടിശ്ശിക റിപ്പോർട്ടുകളാണ് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഭൂരിഭാഗം സ്ഥാപനങ്ങളും ലഭ്യമാക്കാനുള്ളത് എന്നത് വിഷയത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. 2001-ൽ സ്ഥാപിതമായ കേരള റോഡ് ഫണ്ട് ബോർഡ് നാളിതുവരെ റിപ്പോർട്ടുകളൊന്നും ലഭ്യമാക്കാത്തത് വകുപ്പിന്റെ ഭാഗത്തുള്ള വീഴ്ചയായും നിയമസഭയോടുള്ള അനാദരവായും സമിതി വിലയിരുത്തുന്നു.

4. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ സർക്കാർ ധനസഹായം നല്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

1. റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK LTD)
2. കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്(KRTL)
3. ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്
4. പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്
5. കേരള റോഡ് ഫണ്ട് ബോർഡ്
6. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
7. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്

22-12-2021 വരെ കുടിശ്ശികയായിട്ടുള്ള രേഖകളുടെ പട്ടിക ചുവടെ ചേർക്കുന്നു:

| സ്ഥാപനം | അവസാനം സഭയിൽ സമർപ്പിച്ചത്/സമർപ്പിച്ച തീയതി | കുടിശ്ശിക റിപ്പോർട്ടുകൾ (വാർഷിക/ആഡിറ്റ്) |
|---|---|---|
| (1) | (2) | (3) |
| റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK LTD) | 2013-14-ലെ വാർഷിക റിപ്പോർട്ട് 4-7-2019-ന് സഭയിൽ സമർപ്പിച്ചു. | 2014-15 മുതലുള്ള വാർഷിക റിപ്പോർട്ടുകൾ കുടിശ്ശികയാണ്. ആഡിറ്റ് റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. |
| കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) | 2013-14-ലെ വാർഷിക റിപ്പോർട്ട് 1-12-2015-ന് സഭയിൽ സമർപ്പിച്ചു. | 2014-15 മുതലുള്ള വാർഷിക റിപ്പോർട്ടുകൾ കുടിശ്ശികയാണ്. ആഡിറ്റ് റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. |

| (1) | (2) | (3) |
|---|---|---|
| ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് | 2015-16-ലെ വാർഷിക റിപ്പോർട്ട് 30-1-2018-ന് സഭയിൽ സമർപ്പിച്ചു | 2016-17 മുതലുള്ള വാർഷിക റിപ്പോർട്ടുകൾ കുടിശ്ശികയാണ്. ആഡിറ്റ് റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. |
| പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് | 2015-16-ലെ വാർഷിക കണക്കുകൾ 8-8-2017-ന് സഭയിൽ സമർപ്പിച്ചു | 2016-17 മുതലുള്ള വാർഷിക കണക്കുകളും 2013-14 മുതലുള്ള വാർഷിക റിപ്പോർട്ടുകളും കുടിശ്ശിക യാണ്.ആഡിറ്റ് റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. |
| കേരള റോഡ് ഫണ്ട് ബോർഡ് | നാളിതുവരെ റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിച്ചിട്ടില്ല | 2001-ൽ രൂപീകൃതമായ പ്രസ്തുത സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ല. |
| റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2018-19 -ലെ വാർഷിക റിപ്പോർട്ടും കണക്കുകളും 1-6-2021-ന് സഭയിൽ സമർപ്പിച്ചു | 2019-20, 2020-21 എന്നീ രണ്ട് വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയാണ് |
| കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 2018-19-ലെ വാർഷിക റിപ്പോർട്ട് 17-11-2021-ന് സഭയിൽ സമർപ്പിച്ചു | 2019-20, 2020-21 എന്നീ രണ്ട് വർഷത്തെ വാർഷിക റിപ്പോർട്ടുകൾ കുടിശ്ശികയാണ്. ആഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. |

5. സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതിയുടെ ദൃഷ്ടാന്തങ്ങളാകുന്ന വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിച്ചാൽ മാത്രമേ സ്ഥാപന പുരോഗതി വിലയിരുത്താനും ഫണ്ട് വിനിയോഗത്തിലെ ക്രമക്കേടുകൾ കണ്ടെത്താനും തുടർനടപടികൾ സ്വീകരിക്കാനും കഴിയുകയുള്ളൂ. റിപ്പോർട്ടുകൾ കുടിശ്ശിക വരുത്തുന്നതുമൂലം പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി മനസിലാക്കാൻ കഴിയില്ല. പൊതുമരാമത്ത് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം സ്ഥാപനങ്ങളും സംസ്ഥാന ഖജനാവിൽ നിന്നാണ് സാമ്പത്തിക സഹായം കൈപ്പറ്റുന്നതെന്ന വസ്തുത കണക്കിലെടുത്താൽ മേൽ സ്ഥാപനങ്ങൾ സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുന്നതാണ്.

6. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 പ്രകാരമുള്ള  വാർഷിക റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട്,  റെഗുലേഷൻ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലോകൾ തുടങ്ങിയ കടലാസുകൾ നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ സഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും അക്കാര്യത്തിൽ വിവിധ വകുപ്പുകളും സ്ഥാപനങ്ങളും വീഴ്ച വരുത്തിയതിനാൽ എത്രയുംവേഗം കുടിശ്ശിക റിപ്പോർട്ടുകൾ സമർപ്പിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂൾ ചെയ്തതിന്റെയും റിപ്പോർട്ടുകൾ സമർപ്പിക്കാൻ വളരെയധികം കാലതാമസം വരുത്തിയ സ്ഥാപനങ്ങളിൽ നിന്ന് തെളിവെടുപ്പ് നടത്തണമെന്ന് തീരുമാനിച്ചതിന്റെയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പ്രസ്തുത വിഷയത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിന്റെകീഴിലുള്ള വിവിധ പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിശ്ശിക റിപ്പോർട്ടുകൾ, കാലതാമസപത്രികയിന്മേൽ സമിതി ആരാഞ്ഞ അധിക വിവരം എന്നിവ സംബന്ധിച്ച്  പൊതുമരാമത്ത്  വകുപ്പ് സെക്രട്ടറി, സ്ഥാപനമേധാവികൾ എന്നിവരിൽ നിന്നും 22-12-2021-ന് സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി.

## 1. റോഡ്  ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd.)

7. സംസ്ഥാനത്തെ നിലവിലുള്ള റോഡുകൾ നവീകരിക്കുന്നതിനും പരിപാലിക്കുന്നതിനും പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും വേണ്ടി പൊതുമരാമത്ത് വകുപ്പിന് കീഴിൽ 2012-ൽ രൂപീകൃതമായ സ്ഥാപനമാണ് റോഡ്  ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd.). സംസ്ഥാനത്തെ പ്രധാന ജില്ലാ റോഡുകൾ, സംസ്ഥാന ഹൈവേ റോഡുകൾ എന്നിവയുടെ വികസനത്തിനും ആധുനികവൽക്കരണത്തിനും പ്രസ്തുത സ്ഥാപനം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. 1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതമായ  റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് അതത് വർഷത്തെ വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ അടുത്ത വർഷം ഡിസംബർ 31-നകം സഭയിൽ സമർപ്പിക്കേണ്ടതാണ്.  പ്രസ്തുത സ്ഥാപനത്തിന്റെ 2013-14-ലെ വാർഷിക റിപ്പോർട്ട് 4-7-2019-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2014-15 മുതലുള്ള ഏഴ് വർഷത്തെ വാർഷിക റിപ്പോർട്ടുകൾ കുടിശ്ശികയാണ്. നാളിതുവരെയായി ആഡിറ്റ് റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടില്ല.

8. സി. ആൻഡ് എ. ജി. നിയമിച്ച സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററുടെ ഭാഗത്തുനിന്നും ഓഡിറ്റ് പൂർത്തിയാക്കുന്നതിലുണ്ടായ കാലതാമസമാണ്  റിപ്പോർട്ട് കുടിശ്ശികയാകാൻ കാരണമെന്നും ഇന്റേണൽ ഓഡിറ്ററെ നിയമിച്ചിട്ടുണ്ടെന്നും 2019-2020 വരെയുള്ള ഇന്റേണൽ ഓഡിറ്റിംഗ് പൂർത്തീകരിക്കുകയും 2014-15-ലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാക്കി ആന്വൽ ജനറൽ ബോഡി മീറ്റിംഗിൽ പാസ്സാക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ടെന്നും 2015-16-ലെ  സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് പൂർത്തിയായിട്ടുണ്ടെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്നും 2016-17-ലെ ഇന്റേണൽ

ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിലും എ.ജി-യുടെ കമന്റ്സ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെന്നും റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു.

9. 2014-15 മുതലുള്ള 7 വർഷത്തെ വാർഷിക റിപ്പോർട്ടുകൾ കുടിശ്ശികയാണെന്ന് പറഞ്ഞാൽ ആയത് സ്ഥാപനത്തിന്റെ വളരെ ഗുരുതരമായ വീഴ്ചയാണെന്നും പത്ത് വർഷം കഴിഞ്ഞതിനുശേഷം കണക്കുകൾ പരിശോധിച്ചിട്ട് കാര്യമില്ലെന്നും യഥാസമയം കണക്കുകൾ ലഭ്യമായാൽ മാത്രമേ പ്രയോജനമുണ്ടാകുകയുള്ളൂവെന്നും അഭിപ്രായപ്പെട്ട സമിതി, പൊതുമരാമത്ത് പ്രിൻസിപ്പൽ സെക്രട്ടറി സി. ആൻഡ് എ.ജി.-യുമായി കോ-ഓർഡിനേഷനുണ്ടാക്കി കുടിശ്ശിക റിപ്പോർട്ടിന്റെ കാര്യത്തിൽ പരിഹാരമുണ്ടാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

10. വാർഷിക റിപ്പോർട്ടിനോടൊപ്പം ഓഡിറ്റ് റിപ്പോർട്ട് കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ പുറംചട്ടയിൽ അതുകൂടി രേഖപ്പെടുത്തണമെന്നും അല്ലെങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലെന്നുള്ള വിവരമാകും സഭാ രേഖകളിൽ രേഖപ്പെടുത്തുന്നതെന്ന് ചൂണ്ടിക്കാണിച്ച സമിതി, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിനായി നൽകിയിട്ടുള്ള 2016-17 വരെയുള്ള റിപ്പോർട്ടുകൾ മൂന്ന് മാസത്തിനകവും ബാക്കിയുള്ളവ അടുത്ത മൂന്നുമാസത്തിനകവും ലഭ്യമാക്കണമെന്ന നിർദ്ദേശവും തദവസരത്തിൽ നൽകിയിരുന്നു.

11. <u>റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡിന്റെ 2014-15 മുതലുള്ള കുടിശ്ശിക റിപ്പോർട്ടുകൾ 6 മാസത്തിനകം ലഭ്യമാക്കാനും റിപ്പോർട്ടുകളുടെ പുറംചട്ടയിൽ "വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും" എന്ന് രേഖപ്പെടുത്തണമെന്ന് സ്ഥാപനത്തിന് നിർദ്ദേശം നൽകാനും വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.</u>

## 2. കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL)

12. തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിലെ ഗതാഗതക്കുരുക്കുകൾക്ക് പരിഹാരമായി അനുയോജ്യമായ മാസ്സ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം സ്ഥാപിക്കുന്നതിന് 2012-ൽ രൂപീകൃതമായ സർക്കാർ കമ്പനിയാണ് കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL). 1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതമായ പ്രസ്തുത സ്ഥാപനം അതത് വർഷത്തെ വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ അടുത്ത വർഷം ഡിസംബർ 31-നകം സഭയിൽ സമർപ്പിക്കേണ്ടതാണ്. കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2013-14-ലെ വാർഷിക റിപ്പോർട്ട് 1-12-2015-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2014-15 മുതലുള്ള 7 വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയാണ്.ആഡിറ്റ് റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

13. കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2015-16 മുതൽ 2017-18 വരെയുള്ള ഓഡിറ്റ് നേരത്തെതന്നെ പൂർത്തിയായെങ്കിലും 2015-16 മുതൽ 2017-18 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ അച്ചടിച്ച് ലഭ്യമാക്കുന്നതിൽ കാലവിളംബം സംഭവിച്ചിട്ടുണ്ടെന്നും പ്രസ്തുത മൂന്ന് വർഷത്തെ റിപ്പോർട്ടുകൾ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള കുടിശ്ശിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് ഒരു കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ചീഫ് ജനറൽ മാനേജർ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു. ആവശ്യത്തിന് ജീവനക്കാരില്ലാത്ത പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്നും ഇനി രണ്ട് ബോർഡ് മീറ്റിംഗുകൾ കൂടേണ്ടതായിട്ടുണ്ടെന്നും ആദ്യത്തെ ബോർഡ് മീറ്റിംഗിൽ കണക്ക് അംഗീകരിക്കുകയും അതുകഴിഞ്ഞ് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് പൂർത്തിയായശേഷം അവരുടെ കമന്റ്സോടുകൂടി രണ്ടാമത്തെ ബോർഡ് മീറ്റിംഗിൽ പാസ്സാക്കുകയും വേണമെന്നതിനാൽ രണ്ട് ബോർഡ് മീറ്റിംഗുകൾക്കുള്ള സമയം കിട്ടിയാൽ 2021 വരെയുള്ള എല്ലാ റിപ്പോർട്ടുകളും 2022 മേയ് മാസത്തിനുള്ളിൽ ലഭ്യമാക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും സ്ഥാപനത്തിന്റെ ചീഫ് ജനറൽ മാനേജർ തദവസരത്തിൽ സമിതിയെ അറിയിച്ചിരുന്നു.

14. ഡിജിറ്റൽ സംവിധാനമായതുകൊണ്ട് റിപ്പോർട്ടുകളുടെ രണ്ട് ഹാർഡ് കോപ്പികൾ നിയമസഭയിൽ നൽകിയാൽ മതിയെന്നും പഴയതുപോലെ 150 കോപ്പിയുടെ ആവശ്യമില്ലെന്നും ആയതിനാൽ റിപ്പോർട്ട് അച്ചടിച്ച് ലഭ്യമാക്കുന്നതിനുള്ള കാലതാമസം കുറയ്ക്കാൻ കഴിയുമെന്ന് സമിതി പൊതുമരാമത്ത് വകുപ്പ് അഡീഷണൽ സെക്രട്ടറിയെ അറിയിക്കുകയും 2022 മേയ് മാസത്തിനുള്ളിൽ സ്ഥാപനത്തിന്റെ ഇതുവരെയുള്ള കുടിശ്ശിക തീർക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

15. <u>കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2014-15 മുതലുള്ള 7 വർഷത്തെ കുടിശ്ശിക റിപ്പോർട്ടുകൾ 2022 മേയ് 31-നകം ലഭ്യമാക്കാനും റിപ്പോർട്ടുകളുടെ പുറംചട്ടയിൽ "വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും" എന്ന് രേഖപ്പെടുത്തണമെന്ന് സ്ഥാപനത്തിന് നിർദ്ദേശം നൽകാനും വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.</u>

### 3. ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്

16. പൊതു ശൗചാലയങ്ങളെ കുറിച്ച് നിലവിലുള്ള ധാരണ മാറ്റാനുതകുന്ന വിധത്തിൽ ഭംഗിയായ രൂപകൽപ്പനയിൽ കൃത്യമായ പരിപാലനം ഉറപ്പുവരുത്തി ദീർഘദൂര യാത്രക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്കും വിനോദ സഞ്ചാരികൾക്കും ഉപയോഗപ്രദമായ രീതിയിൽ ടോയ്‌ലെറ്റ് സംവിധാനം ഒരുക്കുന്നതിനായി 2013-ൽ സർക്കാർ കമ്പനിയായ ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് രൂപീകൃതമായി. പൊതു ശൗചാലയത്തിന് പുറമേ ലഘുഭക്ഷണശാല, എ.റ്റി.എം., വിശ്രമ സൗകര്യം, പൂന്തോട്ടം എന്നിവ ഉൾപ്പെടുന്ന പബ്ലിക്

അമിനിറ്റി സെന്റർ സ്ഥാപിച്ച് പരിപാലിക്കുന്നതാണ് സ്ഥാപനത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യം. 1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതമായ പ്രസ്തുത സ്ഥാപനം അതത് വർഷത്തെ വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ അടുത്ത വർഷം ഡിസംബർ 31-നകം സഭയിൽ സമർപ്പിക്കേണ്ടതാണ്. ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിന്റെ 2015-16-ലെ വാർഷിക റിപ്പോർട്ട് 30-1-2018-ന് സഭയിൽ സമർപ്പിച്ചു. 2016-17 മുതലുള്ള വാർഷിക റിപ്പോർട്ടുകൾ കുടിശ്ശികയാണ്. ആഡിറ്റ് റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

17. പ്രസ്തുത സ്ഥാപനം പ്രവർത്തനം നിർത്തലാക്കാനുള്ള തീരുമാനത്തിലാണെന്നും സി.ആന്റ് എജി നിയമിച്ച ഓഡിറ്ററുടെ ഭാഗത്തുനിന്നുള്ള കാലതാമസമാണ് റിപ്പോർട്ടുകൾ കുടിശ്ശികയാകാൻ കാരണമെന്നും പൊതുമരാമത്ത് അഡീഷണൽ സെക്രട്ടറി തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിക്കുകയും 2018-2019 വരെയുള്ള വാർഷിക റിപ്പോർട്ടുകളുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയായിക്കഴിഞ്ഞെന്നും 2022 മാർച്ച് മാസത്തിനകം 2016-17 മുതലുള്ള കുടിശ്ശിക വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാമെന്ന് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിന്റെ അക്കൗണ്ടന്റും സമിതിയെ അറിയിച്ചിരുന്നു.

18. ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിന്റെ 2016-17 മുതലുള്ള വാർഷിക റിപ്പോർട്ടുകൾ കുടിശ്ശികയാണെന്നും , എന്നാൽ പൊതു ചോദ്യാവലിയ്ക്ക് നൽകിയ മറുപടിയിൽ 2016-17-ലെ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുന്നുവെങ്കിലും ആയത് സമിതി വിഭാഗം സ്വീകരിച്ചതായിട്ടുള്ള രേഖകളൊന്നുമില്ലെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും വകുപ്പിൽ നിന്നും റിപ്പോർട്ട് നൽകുമ്പോൾ ഡെസ്പാച്ച് രജിസ്റ്ററിൽ പ്രസ്തുത വിവരം രേഖപ്പെടുത്തി സീൽ പതിക്കാറുണ്ടെന്നും 2016-17-ലെ വാർഷിക റിപ്പോർട്ട് സംബന്ധിച്ച വിവരം പരിശോധിക്കണമെന്നും 2016-17 മുതലുള്ള വാർഷിക റിപ്പോർട്ടുകൾ 2022 മാർച്ച് മാസത്തിനകം സഭയിൽ സമർപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

19. <u>ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിന്റെ 2016-17 മുതലുള്ള റിപ്പോർട്ടുകൾ 2022 മാർച്ച് 31-നകം ലഭ്യമാക്കാനും റിപ്പോർട്ടുകളുടെ പുറംചട്ടയിൽ "വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും" എന്ന് രേഖപ്പെടുത്തണമെന്ന് സ്ഥാപനത്തിന് നിർദ്ദേശം നൽകാനും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്ന രേഖകൾ സമിതി വിഭാഗത്തിന് ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനും വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.</u>

**4. പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്**

20. സംസ്ഥാനത്തെ അംഗീകൃത ബസ് സ്റ്റോപ്പുകളിൽ , ആധുനിക രീതിയിലുള്ള ബസ് ഷെൽറ്റർ നിർമ്മിക്കുന്നതിനും വിപുലീകരിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിനായി 2013-ൽ സർക്കാർ കമ്പനിയായി പ്രതീക്ഷാ ബസ്

ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് രൂപീകരിച്ചു. പ്രസ്തുത സ്ഥാപനത്തിന്റെ 2015-16-ലെ വാർഷിക കണക്കുകൾ 8-8-2017-ന് സഭയിൽ സമർപ്പിച്ചു. 2016-17 മുതലുള്ള റിപ്പോർട്ടുകൾ കുടിശ്ശികയാണ്. ആഡിറ്റ് റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

21. പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനുള്ള തീരുമാനത്തിലാണെന്നും 2018-19-ലെ വാർഷിക റിപ്പോർട്ടിന്റെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയായിക്കഴിഞ്ഞ് ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചശേഷം എ.ജി.-യുടെ കൺകറൻസിന് അയയ്ക്കേണ്ടതുണ്ടെന്നും 2019-20-ലെ ഇന്റേണൽ ഓഡിറ്റ് പൂർത്തിയാക്കി സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടെന്നും 2020-21 വർഷത്തെ ഇന്റേണൽ ഓഡിറ്റ് നടന്നുകൊണ്ടിരിക്കുകയാണെന്നും തെളിവെടുപ്പ് വേളയിൽ പ്രസ്തുത സ്ഥാപനത്തിലെ അക്കൗണ്ടന്റ് സമിതിയിൽ അറിയിക്കുകയും 2022 ജൂൺ മാസത്തിനകം മുഴുവൻ കുടിശ്ശിക റിപ്പോർട്ടുകളും ലഭ്യമാക്കാമെന്ന് സമിതിയ്ക്ക് ഉറപ്പ് നൽകുകയും ചെയ്തിരുന്നു. എ.ജി.-യിലെ നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ വകുപ്പിൽനിന്നും അടിയന്തരമായി ഇടപെടലുകൾ ഉണ്ടാകണമെന്നും 2022 ജൂൺ മാസത്തിനകം കുടിശ്ശികയായുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കണമെന്നും തദവസരത്തിൽ സമിതി നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

22. പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡിന്റെ 2016-17 മുതലുള്ള റിപ്പോർട്ടുകൾ 2022 ജൂൺ 30-നകം ലഭ്യമാക്കാനും റിപ്പോർട്ടുകളുടെ പുറംചട്ടയിൽ "വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും" എന്ന് രേഖപ്പെടുത്തണമെന്ന് സ്ഥാപനത്തിന് നിർദ്ദേശം നൽകാനും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്ന രേഖകൾ സമിതി വിഭാഗത്തിന് ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനും വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

### 5. കേരള റോഡ് ഫണ്ട് ബോർഡ്

23. കേരള റോഡ് ഫണ്ട് ആക്ട് പ്രകാരം റോഡ് വികസനത്തിനായി 2001-ൽ രൂപീകൃതമായ പൊതുമേഖലാ സ്ഥാപനമാണ് കേരള റോഡ് ഫണ്ട് ബോർഡ്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നഗരപാതകൾ വികസിപ്പിക്കുക, പ്രധാനപ്പെട്ട പാതകളും അനുബന്ധസൗകര്യങ്ങളും വികസിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക, സാധ്യതാ പഠനങ്ങൾ, വിശദമായ പദ്ധതി രൂപരേഖകൾ, ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടുകൾ തുടങ്ങിയവ (രൂപരേഖകൾ) തയ്യാറാക്കുന്നതിനും നൂതന സാങ്കേതികവിദ്യകളുടെ സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയവയാണ് കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും നിയമസഭയിൽ സമർപ്പിക്കണമെന്ന് 2001-ലെ കേരള റോഡ് ഫണ്ട് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാപനം നാളിതുവരെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ല.

24. 2001-ലെ കേരള റോഡ് ഫണ്ട് ആക്ടിലെ 27(1), 27(2) എന്നീ വകുപ്പുകളിൽ കേരള റോഡ് ഫണ്ട് ബോർഡിന്റെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനെ കുറിച്ച് താഴെ പറയും പ്രകാരം പ്രതിപാദിച്ചിരിക്കുന്നു:

27(1) "The Board shall during each financial year prepare in such form and at such time as may be provided by regulations, an annul report giving a true and full account of its activities in the previous financial year and copies of such report shall be forwarded to the State Government.

(2) The State Government shall cause every such report to be laid before the State Legislature as soon as may be after the receipt of the same."

2001-ലെ കേരള റോഡ് ഫണ്ട് ആക്ടിലെ 7(1), 7(2), 7(3) എന്നീ വകുപ്പുകളിൽ കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഡിറ്റ് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനെ കുറിച്ച് താഴെ പറയും പ്രകാരം പ്രതിപാദിച്ചിരിക്കുന്നു.

"7 (1) The Board shall cause to be maintained such books of accounts and other books in relation to its accounts and prepare an annual statement of accounts and balance sheet in such form and in such manner as may be specified in the regulations.

(2) The accounts of the Board shall be audited by such auditor appointed by the Board with the permission of the Government.

(3) The accounts of the Board as certified by the auditor together with the audit report thereon shall be forwarded annually to the Government and it shall cause the same to be laid annually before the Legislative Assembly."

25. കേരള റോഡ് ഫണ്ട് ബോർഡ് റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും നിയമസഭയിൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി തലത്തിൽ വകുപ്പുതലവന്മാരുടെ യോഗങ്ങൾ രണ്ടോ മൂന്നോ തവണ വിളിച്ചുചേർത്തിട്ടുണ്ടെന്നും പൊതുമരാമത്ത് വകുപ്പിന്റെ പ്രതിനിധികളും പ്രസ്തുത യോഗങ്ങളിൽ പങ്കെടുത്തിട്ടുണ്ടെന്നും റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാത്ത സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്നത് നിർത്തലാക്കണമെന്ന തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടുണ്ടെന്നും തെളിവെടുപ്പ് വേളയിൽ സമിതി വകുപ്പിനെ ഓർമ്മിപ്പിക്കുകയും പ്രസ്തുത സ്ഥാപനത്തിന്റെ സേവനങ്ങളിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തിരുന്നു.

26. വകുപ്പിന് ലഭ്യമായ 2013-14 മുതൽ 2015-16 വരെയുള്ള വാർഷിക റിപ്പോർട്ട് വകുപ്പുമന്ത്രിക്ക് സർക്കുലേറ്റ് ചെയ്തുവെങ്കിലും പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പരിശോധന നടത്തിയശേഷം റിപ്പോർട്ട് സഭയിൽ സമർപ്പിക്കാമെന്ന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെ പരിശോധനയ്ക്ക് നിയോഗിച്ചിട്ടുണ്ടെങ്കിലും ചീഫ് എഞ്ചിനിയറുടെ എൻക്വയറി റിപ്പോർട്ട് നാളിതുവരെ ഗവൺമെന്റിൽ ലഭ്യമാകുകയോ അതിൽ തുടർനടപടി ഉണ്ടാകുകയോ ചെയ്തിട്ടില്ലെന്ന് പൊതുമരാമത്ത് അഡീഷണൽ സെക്രട്ടറി തെളിവെടുപ്പ് വേളയിൽ സമിതിയെ ബോധിപ്പിച്ചിരുന്നു.

27. നിയമസഭ പാസ്സാക്കിയ ഒരു ആക്ടിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട കേരള റോഡ് ഫണ്ട് ബോർഡിന്റെ വാർഷിക റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട് തുടങ്ങിയവ സമയബന്ധിതമായി സഭയിൽ സമർപ്പിക്കണമെന്ന കാര്യത്തിൽ പൊതുമരാമത്ത് വകുപ്പ് വളരെ ഗൗരവത്തോടെയുള്ള സമീപനം സ്വീകരിക്കേണ്ടതാണെന്നും സർക്കാർ തലത്തിൽ ആവശ്യമായ തീരുമാനമെടുക്കേണ്ടതുണ്ടെന്നും സമിതി നിരീക്ഷിച്ചു .

28. <u>കേരള റോഡ് ഫണ്ട് ബോർഡിന്റെ 2013-14 മുതലുള്ള വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കാൻ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.</u>

## 6. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (RBDCK)

29. സർക്കാരിന്റെ പൊതുഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 1999-ൽ രൂപീകൃതമായ പൊതുമേഖലാ സ്ഥാപനമാണ് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (RBDCK). 1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതമായ പ്രസ്തുത സ്ഥാപനം വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കാൻ ബാധ്യസ്ഥമാണ്. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ 2018-19-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും 1-6-2021-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2019-20 മുതലുള്ള 2 വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയാണ്.

30. പ്രസ്തുത സ്ഥാപനത്തിന്റെ 2009-10-ലെ വാർഷിക റിപ്പോർട്ടിന്മേൽ ലഭ്യമാക്കിയ കാലതാമസപത്രികയിലെ വിശദീകരണത്തിൽ, "സപ്ലിമെന്ററി ഓഡിറ്റ് പൂർത്തിയാക്കുവാനും

അക്കൗണ്ടന്റ് ജനറലിന്റെ അഭിപ്രായം ലഭിക്കുവാനും രണ്ടുമാസത്തോളം കാലതാമസമുണ്ടായി, പ്രസ്തുത കണക്കുകൾ കമ്പനിയുടെ വാർഷിക പൊതുയോഗത്തിൽവച്ച് പാസ്സാക്കുന്നതിന് ചെയർമാന്റെയും മറ്റ് അംഗങ്ങളുടെയും സൗകര്യമനുസരിച്ചുള്ള തീയതി ലഭ്യമാക്കുന്നതിന് വീണ്ടും 2011 വരെ കാത്തിരിക്കേണ്ടി വന്നു" എന്ന് സൂചിപ്പിക്കുകയും പ്രസ്തുത വിശദീകരണം തൃപ്തികരമല്ലെന്ന് സമിതി വിലയിരുത്തുകയും ചെയ്തിരുന്നുവെന്നും ഇതുസംബന്ധിച്ച് 2014-ൽ ലഭ്യമാക്കിയ മറുപടിയിൽ, മേൽസൂചിപ്പിച്ച പ്രസ്താവന കാലതാമസപത്രികയിൽ വന്നുപോയതിൽ ക്ഷമാപണം നടത്തിയെങ്കിലും കാലതാമസം സംഭവിച്ചത് എന്തുകൊണ്ടാണെന്നതിന് തൃപ്തികരമായ വിശദീകരണം നൽകിയിരുന്നില്ലെന്നും ആദ്യത്തെ മറുപടിയിൽ ഉപയോഗിക്കാൻ പാടില്ലാത്ത വാചകങ്ങൾ കടന്നുകൂടിയെങ്കിൽ, രണ്ടാമത്തെ മറുപടിയിൽ കാലതാമസം സംബന്ധിച്ച കാര്യങ്ങൾ സൂചിപ്പിക്കാതെ ഖേദപ്രകടനം മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും അക്കാരണത്താലാണ് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിനെ തെളിവെടുപ്പിന് വിളിക്കേണ്ടി വന്നതെന്ന് സമിതി അഭിപ്രായപ്പെടുകയുണ്ടായി.

31. പ്രസ്തുത വിശദീകരണം 2011-ൽ നൽകിയതാണെന്നും സപ്ലിമെന്ററി ഓഡിറ്റിൽ അക്കൗണ്ടന്റ് ജനറലിന്റെ കമന്റുകൾ ലഭ്യമാകാൻ 2010 ഡിസംബർ 8-ാം തീയതി വരെ കാത്തിരിക്കേണ്ടിവന്നെന്നും ബോർഡ് യോഗം വിളിച്ചുചേർക്കാൻ 21 ദിവസം മുൻപ് നോട്ടീസ് നൽകണമെന്ന ചട്ടമുള്ളതിനാൽ പ്രസ്തുത റിപ്പോർട്ടിന്റെ അംഗീകാരത്തിനായി ബോർഡ് യോഗം ചേരുന്നതിലും കാലതാമസം സംഭവിച്ചിട്ടുണ്ടെന്നും അതിനുശേഷം അത്തരത്തിലുള്ള ഒരു പിഴവ് ആവർത്തിച്ചിട്ടില്ലെന്നും സ്ഥാപനങ്ങളുടെ ചുമതലപ്പെട്ട ഓഡിറ്റർമാർ കണക്കുകൾ യഥാസമയംതന്നെ ഓഡിറ്റുചെയ്ത് നൽകുന്നുണ്ടെങ്കിലും അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും എംപാനൽഡ് ഓഡിറ്റർമാരെ നിയമിച്ചുകൊണ്ട് ചെയ്യേണ്ട സപ്ലിമെന്ററി ഓഡിറ്റിംഗിൽ വരുന്ന കാലതാമസമാണുണ്ടാകുന്നതെന്നും അടുത്ത വർഷംമുതൽ ശരിയായ രൂപത്തിൽ സമയബന്ധിതമായി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണെന്നും പ്രസ്തുത സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിക്കുകയും 2009-10 വർഷത്തെ വാർഷിക റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികയിൽ മേൽസൂചിപ്പിച്ച പിഴവുകൾ തിരുത്തി ശരിയായ രൂപത്തിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

32. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ 2019-20, 2020-21 എന്നീ 2 വർഷത്തെ കുടിശ്ശികയുള്ള വാർഷിക റിപ്പോർട്ടുകൾ

സമർപ്പിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും അടുത്ത ദിവസംതന്നെ റിപ്പോർട്ടിന്റെ ഓൺലൈൻ കോപ്പിയും രണ്ടാഴ്ചക്കുള്ളിൽ അച്ചടിച്ച കോപ്പികളും സമർപ്പിക്കാമെന്നും 2021-22 കാലയളവിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് നടത്താനുണ്ടെന്നും സപ്ലിമെന്ററി ഓഡിറ്റിലെ കമന്റുകൾ വിശകലനം ചെയ്തശേഷം വളരെ പെട്ടെന്നുതന്നെ സഭയിൽ സമർപ്പിക്കാമെന്നും റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ സമിതിയ്ക്ക് ഉറപ്പ് നൽകിയിരുന്നു.

33. <u>സമിതിയ്ക്ക് നൽകിയ ഉറപ്പിൻപ്രകാരം സ്ഥാപനത്തിന്റെ 2019-20-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയ നടപടിയെ അഭിനന്ദിക്കുന്നതിനോടൊപ്പം 2020-21-ലെ കുടിശ്ശികയുള്ള റിപ്പോർട്ടും 2009-10-ലെ വാർഷിക റിപ്പോർട്ടിന്റെ കാലതാമസപത്രികയിന്മേലുള്ള വിശദീകരണവും അടിയന്തരമായി ലഭ്യമാക്കാനും സമിതി നിർദ്ദേശിക്കുന്നു.</u>

## 7. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്

34. സർക്കാരിന്റെ നിർമ്മാണ പ്രവർത്തികളുടെ മേൽനോട്ടം, നിർവ്വഹണം, കൺസൾട്ടൻസി തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 1975-ൽ രൂപീകരിച്ച പൊതുമേഖലാ സ്ഥാപനമാണ് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2018-19-ലെ വാർഷിക റിപ്പോർട്ട് 17-11-2021-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2019-20 മുതലുള്ള രണ്ടുവർഷത്തെ വാർഷിക റിപ്പോർട്ടുകൾ കുടിശ്ശികയാണ്. കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതമായ പ്രസ്തുത സ്ഥാപനം ആഡിറ്റ് റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

35. 2019-20 വർഷത്തെ റിപ്പോർട്ട് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണുള്ളതെന്നും റിപ്പോർട്ട് പൂർത്തിയായശേഷം ബോർഡ് യോഗത്തിൽ വച്ച് അംഗീകാരം വാങ്ങി, എ.ജി.-യുടെ അംഗീകാരവും സ്ഥാപനത്തിന്റെ ഖണ്ഡിക തിരിച്ചുള്ള മറുപടിയും സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററുടെ മറുപടിയും ലഭ്യമായശേഷം വാർഷിക പൊതുയോഗത്തിന്റെ അംഗീകാരവും ലഭ്യമാക്കേണ്ടതിനാൽ ഈ പ്രവർത്തനങ്ങൾക്കായി ആറുമാസക്കാലയളവ് ആവശ്യമായി വരുമെന്നും 2020-21 വർഷത്തെ പ്രൊവിഷണൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ടെന്നും 2020-21 വർഷത്തെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുമെന്നും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ

ഫിനാൻസ് മാനേജർ തെളിവെടുപ്പ് വേളയിൽ സമിതിയിൽ ബോധിപ്പിച്ചിരുന്നു. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2019-20 മുതലുള്ള 2 വർഷത്തെ റിപ്പോർട്ടുകൾ 6 മാസത്തിനകം സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

36. സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക/ഭരണ/ആഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി അതത് നിയമങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമോ, നിയമസഭാ ചട്ടം 166 പ്രകാരമോ സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതാണ്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ ചട്ടപ്രകാരം സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ട വാർഷിക റിപ്പോർട്ടുകളും ആഡിറ്റ് റിപ്പോർട്ടുകളും യഥാസമയം തയ്യാറാക്കുന്നതിലും സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിലും ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായി സമിതി നിരീക്ഷിക്കുന്നു.

37. വർഷങ്ങൾ പിന്നിട്ടതിനു ശേഷം സ്ഥാപനങ്ങളുടെ കണക്കുകളും അവയുടെ പ്രവർത്തനങ്ങളും പരിശോധിക്കുന്നതുകൊണ്ട് പ്രയോജനമില്ലെന്ന് മാത്രമല്ല , സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി/നഷ്ടം യഥാസമയം മനസിലാക്കാൻ സഭയ്ക്കും, ജനപ്രതിനിധികൾക്കും സർക്കാരിനും ജനങ്ങൾക്കും സാധ്യമാകാതെ വരുമെന്നും സമിതി നിരീക്ഷിക്കുന്നു. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ സമിതി താഴെപ്പറയുന്ന പൊതുവായ ശിപാർശകൾ നൽകുന്നു:

1. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാരുടെ ഭാഗത്തുനിന്നും ആഡിറ്റ് പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതും റിപ്പോർട്ട് അച്ചടിച്ച് ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായും തെളിവെടുപ്പ് വേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തെളിവ് നൽകുകയുണ്ടായി. ആയതിന് പരിഹാരം കാണുന്നതിന് വകുപ്പിന്റെ ഭാഗത്തുനിന്നും കൃത്യമായ ഇടപെടലുകൾ ഉണ്ടായതായി സമിതിയ്ക്ക് മനസ്സിലാക്കാൻ സാധിച്ചില്ല. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി ചീഫ് സെക്രട്ടറി തലത്തിൽ അക്കൗണ്ടന്റ് ജനറലുമായി ഒരു കോർഡിനേഷൻ ഉണ്ടാക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി കരുതുന്നു. ആയതിനാൽ അക്കൗണ്ടന്റ് ജനറലുമായി സഹകരിച്ച് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. ഭൂരിഭാഗം വാർഷിക റിപ്പോർട്ടുകളിലും ആഡിറ്റ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടുണ്ടെന്ന വസ്തുത നിരീക്ഷിച്ച സമിതി, നിയമസഭയിൽ സമർപ്പിക്കേണ്ട റിപ്പോർട്ടിന്റെ പുറംചട്ടയിൽ "വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും" എന്ന് രേഖപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. കുടിശ്ശിക റിപ്പോർട്ടുകളോടൊപ്പം ലഭ്യമാക്കുന്ന കാലതാമസപത്രിക ധനകാര്യ വകുപ്പിന്റെ 21-12-2013-ലെ 105/2013/ധന. നമ്പർ സർക്കുലർ (അനുബന്ധം 1) മാതൃകയിലായിരിക്കണമെന്ന് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

4. കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമിതി (2019-2021)-യുടെ മൂന്നാമത് റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശിപാർശകളും നടപ്പിൽ വരുത്തി രേഖകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് വകുപ്പ് സെക്രട്ടറി നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സമിതി (2019-2021)-യുടെ മൂന്നാമത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ (പി.എ.സി.ബി.) വകുപ്പിന്റെ സർക്കുലർ അനുബന്ധം 2 ആയി ചേർക്കുന്നു.

പി. സി. വിഷ്ണുനാഥ്,
*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2022 ഫെബ്രുവരി 25.